## കത്തുകൾ




# സച്ചാർ കമ്മിറ്റി റിപ്പോർട്ടും ചവറ്റുകൊട്ടയിലേക്ക്?

**"പാകിസ്താനിൽ** പോവാതെ, ഇന്ത്യയിൽതന്നെ നിലയുറപ്പിക്കാൻ തീരുമാനിച്ച മുസ്‌ലിംകളെക്കുറിച്ച് ചിന്തിക്കേണ്ട ചുമതല ഇന്ത്യൻ നേതാക്കൾക്കുണ്ട്. യഥാർഥത്തിൽ നമ്മൾ മുസ്‌ലിം സമൂഹത്തിന് മികച്ച തൊഴിൽ സാധ്യതകൾ ഉറപ്പ് നൽകേണ്ടിയിരുന്നു. അവരുടെ സാമൂഹിക, സാമ്പത്തിക സ്ഥിതിക്ക് ഉയർച്ച ഉണ്ടാകാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കേണ്ടിയിരുന്നു. ഇത് വല്ലതും ഉണ്ടായോ? യാഥാർഥ്യങ്ങൾ മറ്റൊരു കഥയാണ് പറയുന്നത്."

സ്വാതന്ത്ര്യത്തിനു ശേഷം ആറ് ദശാബ്ദം പിന്നിട്ടിട്ടും പരിഹാരമില്ലാതെ തുടരുന്ന രാജ്യത്തെ പ്രമുഖ ന്യൂനപക്ഷമായ മുസ്‌ലിംസമൂഹത്തിന്റെ ശോച്യാവസ്ഥയെക്കുറിച്ച് പ്രശസ്ത കോളമിസ്റ്റ് ഹരിജയ് സിംഗ് *മാതൃഭൂമി* (10.11.2006)യിൽ എഴുതിയ വരികളാണ് മുകളിലുദ്ധരിച്ചത്. അദ്ദേഹം വിരൽ ചൂണ്ടിയ യാഥാർഥ്യമാണ് ഏറെ അത്യധ്വാനം ചെയ്ത് ജസ്റ്റിസ് രജീന്ദർ സച്ചാർ പുറത്തുകൊണ്ടുവന്നിരിക്കുന്നത്.

പരക്കെ പ്രശംസിക്കപ്പെട്ട സച്ചാർ കമ്മിറ്റി റിപ്പോർട്ടിനെക്കുറിച്ച് ജ. സച്ചാറിന്റെ തന്നെ വാക്കുകൾ ശ്രദ്ധിക്കുക: "നേരിട്ട് ബോധ്യമായ വസ്തുതകളുടെ അടിസ്ഥാനത്തിലാണ് ഇന്ത്യൻ മുസ്‌ലിംകളുടെ സാമൂഹിക, സാമ്പത്തികാവസ്ഥയെക്കുറിച്ച് റിപ്പോർട്ട് തയാറാക്കി സമർപ്പിച്ചത്. റിപ്പോർട്ട് വെറുമൊരു സ്ഥിതിവിവരകണക്കല്ല. പ്രധാനമന്ത്രി മൻമോഹൻ സിംഗ് ആവശ്യപ്പെട്ട പ്രകാരം സമിതി അംഗങ്ങൾ സൂക്ഷ്മമായി ഓരോ സംസ്ഥാനത്തും നേരിട്ട് ചെന്ന് വിശദമായ പഠനം നടത്തി സമാഹരിച്ച രേഖയാണ്" (*മാധ്യമം* 17.11.'07).

മുസ്‌ലിംകളാദി വിഭാഗങ്ങളുടെ പിന്നാക്കാവസ്ഥ അതേ നിലയിൽ തുടരുന്നത് പരിഷ്കൃത ജനാധിപത്യ സമൂഹത്തിന് ചേർന്നതല്ലെന്നും, ഇത്തരം വിവേചനങ്ങൾ അവസാനിക്കുകയും അവസരസമത്വം സംജാതമാവുകയും ചെയ്യണമെന്നും, ന്യൂനപക്ഷാവകാശങ്ങളെക്കുറിച്ച് ഭരണഘടന വ്യക്തമായി നിർവചിച്ചിട്ടുള്ളതിനാൽ അവ നടപ്പാക്കാനുള്ള ബാധ്യത സർക്കാറിനുണ്ടെന്നും നിരീക്ഷിക്കുന്ന സച്ചാർ 'തന്റെ റിപ്പോർട്ട് രാഷ്ട്രീയ തീരുമാനങ്ങളുടെ മേശപ്പുറത്താണുള്ളതെന്നും' ഓർമപ്പെടുത്തുന്നു.

'രാഷ്ട്രീയ തീരുമാനങ്ങളുടെ മേശപ്പുറത്തുള്ള' സച്ചാർ സമിതി റിപ്പോർട്ടിന്റെ സ്ഥിതിയെന്താണ്? റിപ്പോർട്ട് ലഭിച്ച് ഒരു വർഷമായിട്ടും ഗൗരവപൂർവമായ എന്തെങ്കിലും നടപടി സർക്കാറിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ടോ? പാർലമെന്റിൽ ബജറ്റ് അവതരിപ്പിച്ചപ്പോൾ, സച്ചാർ റിപ്പോർട്ടിനെക്കുറിച്ച് ഒരു പരാമർശം പോലും ഉണ്ടാവാതെ പോയതെന്തേ? 'വകുപ്പില്ലാ മന്ത്രി എ.ആർ ആന്തുലെ മുസ്‌ലിം പിന്നാക്കാവസ്ഥ ലഘൂകരിക്കുന്നതിനായി കൊണ്ടുവന്ന 'ആക്ഷൻ പ്ലാനി'ൽ ഒരു ആക്ഷനും ഉണ്ടായില്ലെന്നും മുസ്‌ലിംകൾ ഒരിക്കൽ കൂടി കബളിപ്പിക്കപ്പെടുകയാണോ എന്ന് ആശങ്കിക്കേണ്ടിയിരിക്കുന്നു'വെന്നും പ്രസിദ്ധ കോളമിസ്റ്റ് എം.ജെ അക്ബർ പറയുന്നു.

സച്ചാർ സമിതി റിപ്പോർട്ടിലൂടെ പുറത്ത് വന്ന മുസ്‌ലിം പിന്നാക്കാവസ്ഥക്ക് ശാശ്വത പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ ആസൂത്രണ കമീഷൻ ഉപസമിതി അധ്യക്ഷൻ കൊണ്ടുവന്ന പദ്ധതി, അടിത്തട്ടിൽ കഴിയുന്ന മുസ്‌ലിം സമുദായത്തിന് സാമ്പത്തിക സഹായം ലഭ്യമാക്കാനുതകുമായിരുന്നു. എന്നാൽ ഈ പദ്ധതിയോട് ആസൂത്രണ കമീഷൻ വിയോജിപ്പ് പ്രകടിപ്പിച്ചു. മുസ്‌ലിംകൾ ഒ.ബി.സി പരിധിയിൽ വരുന്നതിനാൽ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 25 ശതമാനം സംവരണം നൽകണമെന്നത് പാർലമെന്റ് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്തിരുന്നതാണ്. ബി.ജെ.പി ഒഴിച്ചുള്ള എല്ലാ പാർട്ടികളും ഇതിനെ പിന്തുണക്കുകയും ചെയ്തു. എന്നാൽ കേന്ദ്ര സർക്കാർ ഈ നിർദേശം തള്ളുകയാണ് ചെയ്തത്. സ്വയം തൊഴിൽ വായ്പയിൽ 15 ശതമാനം മുസ്‌ലിംകൾക്ക് നീക്കിവെക്കണമെന്ന നിർദേശം അംഗീകരിക്കപ്പെട്ടില്ല (*കേരള കൗമുദി* 19.11.'06, *മലയാള മനോരമ* 14.12.'06).

പ്രധാനമന്ത്രിക്കോ കോൺഗ്രസ് അധ്യക്ഷ സോണിയാ ഗാന്ധിക്കോ കോൺഗ്രസ്സിലെ ഇതര പ്രമുഖർക്കോ ഈ യാഥാർഥ്യങ്ങൾ അറിയാത്തതുകൊണ്ടല്ല. വർഗീയ ശക്തികളുടെ എതിർപ്പിനെ ഭയന്ന്- അഥവാ വോട്ട്ബാങ്ക് രാഷ്ട്രീയത്തിന്റെ മറവിൽ അവർ പിന്നോട്ടടിക്കുകയാണ് എന്നു വേണം സംശയിക്കാൻ. വർഗീയശക്തികളുടെ സ്വാധീനവും സമ്മർദവും മുസ്‌ലിം പിന്നാക്കാവസ്ഥയുടെ മുഖ്യ കാരണങ്ങളിലൊന്നാണെന്നാണ് മുൻ പ്രധാനമന്ത്രി വി.പി സിംഗിന്റെ നിരീക്ഷണം. "കോൺഗ്രസ്സും ഇടത് പാർട്ടികളും കപട മതേതരത്വത്തിന്റെ ഭാഗമായി മുസ്‌ലിംകളെ പ്രീണിപ്പിക്കുന്നുവെന്ന ബി.ജെ.പിയുടെ ആരോപണം ശരിയെങ്കിൽ മുസ്‌ലിംകളുടെ സ്ഥിതി ഇത്ര ശോചനീയമാകുമായിരുന്നോ?" എന്ന് സച്ചാർ കമ്മിറ്റിയംഗം ടി.കെ ഉമ്മർ ചോദിക്കുന്നു. ന്യൂനപക്ഷ പ്രീണനമെന്ന് ചൂണ്ടിക്കാട്ടി മറ്റുള്ളവർ പ്രതിഷേധിക്കുമെന്ന 'ന്യായം' പറഞ്ഞ് ചിലർ എതിർത്തതിനെ തുടർന്നാണല്ലോ മുസ്‌ലിംകൾക്ക് ഗുണംചെയ്യുമായിരുന്ന 'മുസ്‌ലിം ഉപപദ്ധതി'ക്കുനേരെ ആസൂത്രണ കമീഷൻ പുറംതിരിഞ്ഞു നിൽക്കുന്നത്.

സച്ചാർ റിപ്പോർട്ട് നടപ്പിലാക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാറിന്റെ ഭാഗത്തുനിന്ന് നിശ്ചയദാർഢ്യം കാണാനില്ല. കമ്മിറ്റി റിപ്പോർട്ട് വസ്തുനിഷ്ഠവും മുസ്‌ലിം ദൈന്യതയുടെ പ്രതീകവുമാണെങ്കിലും ഇന്ദിരാഗാന്ധിയുടെ കാലത്ത് ചവറ്റുകൊട്ടയിലെറിയപ്പെട്ട ഗോപാൽ സിംഗ് കമ്മിറ്റി റിപ്പോർട്ടിന്റെ ഗതിതന്നെയാണ് സച്ചാർ റിപ്പോർട്ടിനെയും കാത്തിരിക്കുന്നതെങ്കിൽ നിശ്ചയമായും അത് നമ്മുടെ രാജ്യത്തെ നാണം കെടുത്തുന്ന പരിണതിയാണ്.

അന്വേഷണ റിപ്പോർട്ടുകളിലെ വസ്തുനിഷ്ഠതയല്ല; പ്രായോഗിക നടപടികൾ എന്ത് എന്നതാണ് പരമപ്രധാനം. "പോയ കാലങ്ങളിൽ നടപടികൾ ഉണ്ടായില്ല. മുൻ അനുഭവങ്ങൾ കണക്കിലെടുക്കുമ്പോൾ കേന്ദ്ര സർക്കാറിൽനിന്ന് ക്രിയാത്മക നടപടികളെക്കുറിച്ചുള്ള വലിയ പ്രതീക്ഷ അസ്ഥാനത്താവും. പ്രധാനമന്ത്രിയുടെയും യു.പി.എ അധ്യക്ഷയുടെയും നടപടികളിൽ എത്രമാത്രം ആത്മാർഥതയുണ്ടെന്ന് കാലം തെളിയിക്കും." ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ സെക്രട്ടറി ജനറൽ മുഹമ്മദ് ജഅ്ഫർ പ്രകടിപ്പിച്ച ഈ ആശങ്ക യാഥാർഥ്യമാവാതിരിക്കട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.

**റഹ്മാൻ മധുരക്കുഴി**

# *വഴിവെളിച്ച*വും ഹദീസും ഒരു വിശദീകരണം കൂടി

***വഴിവെളിച്ചം*** പംക്തിയിൽ ഉദ്ധരിക്കുന്ന ഹദീസുകളെക്കുറിച്ച് ഈയുള്ളവൻ ഒരു കുറിപ്പ് (ലക്കം 21) എഴുതിയിരുന്നു. മറുപടിയായി ലേഖകന്റെ വിശദീകരണവും (ലക്കം 22)വന്നു.

പ്രസ്തുത കുറിപ്പിൽ ദുർബല ഹദീസുകളുടെ പ്രാമാണികതയും അവ സ്വീകരിക്കപ്പെടാൻ ഹദീസ് പണ്ഡിതന്മാർ നിർദേശിച്ച ചില നിബന്ധനകളും എടുത്തുദ്ധരിച്ച ശേഷം ലേഖകൻ എഴുതി: ‘ഹദീസ് പണ്ഡിതന്മാർ പ്രബലമെന്ന് വിധി എഴുതിയിട്ടുള്ളതും എന്നാൽ ചിരപരിചിതത്വം കൊണ്ട് ഗൗരവം ചോരാത്തതുമായ ഹദീസുകൾ കണ്ടെത്തി വിശദീകരിക്കാനാണ്’ ശ്രമിക്കുന്നത്. പ്രോത്സാഹിപ്പിക്കേണ്ടതാണ് ഈ ശ്രമം.

പക്ഷേ, വസ്തുതകൾ പലപ്പോഴും അദ്ദേഹത്തിന്റെ വാദങ്ങൾക്ക് എതിരായാണ് കാണുന്നത്. ഏത് ഹദീസ് പണ്ഡിതനാണ് ‘ഇഅ്തികാഫും ജനസേവനവും’ എന്ന ലേഖനത്തിലെ ഹദീസ്-ഇബ്നു അബ്ബാസി(റ)ന്റെ അടുത്ത് ഒരാൾ വന്ന് നബി(സ)യുടെ ഖബ്ർ ചൂണ്ടി ‘ഈ ഖബ്റിൽ കിടക്കുന്നവരുടെ മാഹാത്മ്യം തന്നെയാണ്’ എന്ന കഥ- പ്രബലവും സ്വഹീഹും സ്വീകാര്യവുമാണെന്ന് പറഞ്ഞത്? ത്വബറാനിയുടെ ഏത് ഗ്രന്ഥത്തിലാണ് ഈ കഥ ഉദ്ധരിച്ചത്?

കഥയുടെയും ഹദീസിന്റെയും ആധികാരികത മനസ്സിലാക്കാൻ രണ്ട് റഫറൻസ് ഗ്രന്ഥങ്ങളെ ഈ കുറിപ്പുകാരൻ എടുത്തുകൊടുത്തിരുന്നു. അവ പരിശോധിച്ചതിനു ശേഷമാണോ മറു കുറിപ്പിലെ ദുർബല ഹദീസുകളുടെ ആധികാരികത എടുത്തുകൊടുത്ത് ലേഖകൻ ഉദ്ധരിക്കുന്ന വ്യാജ -ദുർബല ഹദീസുകളെ വെള്ളപൂശാൻ ശ്രമിച്ചത്?

അതേ ലേഖനത്തിൽ വന്ന ‘ഒരാൾ റമദാനിൽ പത്ത് ദിവസം ഇഅ്തികാഫ് അനുഷ്ഠിച്ചാൽ അത് രണ്ട് ഹജ്ജും ഉംറയും നിർവഹിച്ചതിന് തുല്യമാണ്’ എന്ന ഹദീസ് വ്യാജമെന്നോ അതീവ ദുർബലമെന്നോ പറയാത്ത ഏതെങ്കിലും ഹദീസ് പണ്ഡിതനുണ്ടോ? എന്നിട്ടും ലേഖകൻ പറയുന്നു; ഹദീസ് പണ്ഡിതന്മാർ പ്രബലമെന്ന് വിധി എഴുതിയ ഹദീസുകളാണ് അദ്ദേഹം എടുത്തുദ്ധരിക്കുന്നതത്രെ.

അദ്ദേഹം എടുത്തു പറഞ്ഞ ദുർബല ഹദീസുകളുടെ പ്രാമാണികതയെക്കുറിച്ച് ഒരു വിശദീകരണം ഹ്രസ്വമെങ്കിലും കരണീയമായിരിക്കുമെന്ന് തോന്നുന്നു. ആദ്യകാലത്ത് ഹദീസുകൾ സ്വഹീഹ്, ദഈഫ് എന്നിങ്ങനെ രണ്ടായി മാത്രമായിരുന്നു വിഭജിക്കപ്പെട്ടിരുന്നത്. പിൽക്കാലത്ത് സ്വഹീഹിന്റെ ഗണത്തിൽ പെടുത്തപ്പെട്ട ‘ഹസൻ’ - ഹദീസ് സ്വഹീഹായി പരിഗണിക്കാനുള്ള ഉപാധികളിലൊന്നായ കൃത്യനിഷ്ഠയിൽ ഭംഗം വന്നവർ മുഖേന ഉദ്ധരിച്ച ഹദീസ്-ദുർബല ഹദീസുകളുടെ കൂട്ടത്തിലായിരുന്നു ആദ്യകാല പണ്ഡിതന്മാർ ഉൾപ്പെടുത്തിയിരുന്നത്. പ്രസ്തുത വിഭാഗത്തിൽ പെട്ട ഹദീസുകളെയാണ് കർമങ്ങളുടെ ശ്രേഷ്ഠതക്ക് വേണ്ടി ദുർബല ഹദീസുകൾ ഉദ്ധരിക്കാം എന്ന് പണ്ഡിതന്മാർ പറയുമ്പോൾ ഉദ്ദേശിക്കുന്നത്.

വിശദീകരണമാഗ്രഹിക്കുന്നവർ *ഫതാവാ ഇബ്നു തൈമിയ്യ* (18/25, 1/252), ഇബ്നുൽ ഖയ്യിമിന്റെ *ഇഅ്ലാമുൽ മുവഖ്ഖിഈൻ* (1/31), തഹാനവിയുടെ *ഖവാഇദുൻ ഫീ ഉലൂമിൽ ഹദീസ്* (99–100), ഇബ്നു ഹജറിന്റെ *അന്നുകതു അലാ ഇബ്നിസ്സ്വലാഹ്* (1/424–429), ഇബ്നു റജബിന്റെ *ശർഹു ഇലലിത്തിർമിദി* (1/337), അബ്ദുല്ലാഹ് അൽ ജുദൈഹിന്റെ *തഹ്‌രീറു ഉലൂമിൽ ഹദീസ്* 2/814) എന്നിവ നോക്കുക.

ഇബ്നു അബ്ബാസി(റ)ന്റെ അടുക്കൽ അജ്ഞാതനായ ഒരാൾ വന്ന് പ്രവാചക മാഹാത്മ്യം പിടിച്ച് സത്യം ചെയ്ത അവസരത്തിൽ അതിനെതിരെ ഇബ്നു അബ്ബാസ് (റ) പ്രതികരിക്കാത്തത് തന്നെ കഥയില്ലാ കഥയാണിതെന്ന് ഈ കുറിപ്പുകാരൻ എഴുതിയിരുന്നു. അതിനെ ഖണ്ഡിക്കാൻ സയ്യിദ് സാബിഖിനെ ഉദ്ധരിച്ച് അദ്ദേഹം സായൂജ്യമടയുന്നു. അല്ലാഹു അല്ലാത്തവരെ പിടിച്ച് സത്യം ചെയ്യൽ ഹറാമും മക്റൂഹും -നിഷിദ്ധവും അനഭിലഷണീയവും- തന്നെയാണെന്നല്ലേ *ഫിഖ്ഹുസ്സുന്ന*യിൽ ഉസ്താദ് സയ്യിദ് സാബിഖ് പറഞ്ഞത്? എവിടെയാണ് അദ്ദേഹം അനുവദനീയമാണെന്ന് പറഞ്ഞത്?

ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച ഒരു ഹദീസ് ഉദ്ധരിക്കുന്നത് വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കാൻ ഉപകരിക്കുമെന്ന് തോന്നുന്നു.

ഇബ്നു ഉമറി(റ)ൽനിന്ന് നിവേദനം: “ഉമർ(റ) ഒരു യാത്രാ സംഘത്തിലായിരിക്കെ തന്റെ പിതാവിനെക്കൊണ്ട് സത്യം ചെയ്യുന്നത് നബി(സ) കാണാനിടയായി. അപ്പോൾ നബി(സ) പറഞ്ഞു: അറിഞ്ഞുകൊള്ളുക. നിശ്ചയം അല്ലാഹു നിങ്ങളുടെ പിതാക്കളെ കൊണ്ട് സത്യം ചെയ്യുന്നത് നിരോധിച്ചിരിക്കുന്നു. ആരെങ്കിലും സത്യം ചെയ്യുന്ന പക്ഷം അവൻ അല്ലാഹുവിനെ പിടിച്ച് സത്യം ചെയ്യട്ടെ. അല്ലെങ്കിൽ മൗനം പാലിച്ചുകൊള്ളട്ടെ.”

പിന്നീട് തന്റെ ജീവിതത്തിൽ മുമ്പ് താൻ ശപഥം ചെയ്തതോ മറ്റുള്ളവർ തന്റെ പിതാക്കളെ പിടിച്ച് ശപഥം ചെയ്തതോ ഉമർ(റ) എടുത്തുദ്ധരിക്കുക പോലുമുണ്ടായിരുന്നില്ലെന്നും ബുഖാരിയിൽ കാണാം.

അല്ലാഹുവെ മഹത്വപ്പെടുത്തുന്നതുപോലെ തന്റെ പിതാവിനെയും മഹത്വപ്പെടുത്തിയത് കൊണ്ടാണോ റസൂൽ(സ) അദ്ദേഹത്തെ വിലക്കിയത്?

നബി(സ) ഗ്രാമീണനോട് പറഞ്ഞ അഫ്‌ലഹ വ അബീഹി- അയാളുടെ പിതാവാണ അയാൾ വിജയിച്ചുവെന്ന മുസ്‌ലിം റിപ്പോർട്ട് ചെയ്ത ഹദീസിനെക്കുറിച്ച് അറിയാൻ *ഫത്ഹുൽ ബാരി* (11/531) നോക്കുക.

ജനസേവനം പ്രോത്സാഹിപ്പിച്ചുകൊണ്ട് ധാരാളം സ്വഹീഹായ ഹദീസുകളുണ്ട്. ഇമാം ഇബ്നു അബീദുൻയാ തദ്‌വിഷയത്തിൽ രണ്ട് ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. പ്രമുഖ ഹദീസ് പണ്ഡിതനായിരുന്ന ശൈഖ് അൽബാനിയുടെ *സിൽസിലത്തുസ്സ്വഹീഹിലും* (ഹ. 906, 2291), *അത്തർഗീബ് വത്തർഹീബി*(2/706–710)ലും ചിലത് ഉദ്ധരിച്ചതായി കാണാം.

**അബുൽ അസ്റാർ പന്തലിങ്ങൽ**

# അൽപം ഉദാര വീക്ഷണമായിക്കൂടേ?

***പ്രബോധനത്തിലെ*** ഹദീസ് പംക്തിയിൽ ചർച്ച ചെയ്യപ്പെടുന്ന ഹദീസുകളുടെ പ്രാമാണികതയെക്കുറിച്ചുള്ള ഒരു വായനക്കാരന്റെ കുറിപ്പും അതിന് ലേഖകന്റെ മറുപടിയും വായിച്ചു. ഹദീസ് നിവേദകരുടെ പരമ്പരയിലെ ചില കണ്ണികളിൽ പോരായ്മകൾ ഉണ്ടെന്ന് പറയപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ചില ഹദീസുകളെ ‘ദുർബലം’ എന്ന് വിശേഷിപ്പിക്കുന്നത്. എന്നാൽ, അവ കെട്ടിച്ചമക്കപ്പെട്ട കൽപിത കഥകൾക്ക് സമാനമാണെന്നും തീർത്തും തള്ളപ്പെടേണ്ടവയാണെന്നും വിലയിരുത്തുന്നത് ഉചിതമല്ല. മറ്റു പ്രമാണങ്ങളിലൂടെ ബോധ്യപ്പെട്ട കർമങ്ങളുടെ പ്രാധാന്യം വിശദീകരിക്കുന്നതിനും തഖ്‌വയും ദീനീതൽപരതയും വർധിപ്പിക്കുന്നതിനും ഉതകുന്ന ഹദീസുകൾ (അങ്ങേയറ്റം ദുർബലമല്ലാത്തവ) ഉദ്ധരിക്കുന്നതിൽ കുഴപ്പം കാണേണ്ടതില്ല. അവ പൂർണമായും വ്യാജമാണെന്നും ശരിയാവാൻ ഒരു വിധത്തിലും സാധ്യതയില്ലെന്നും പറയാൻ നമുക്ക് കഴിയില്ല എന്നതുതന്നെയാണ് അവയെ വിവേകപൂർണമായ സൂക്ഷ്മതയോടെ ഉപയോഗിക്കാമെന്നതിന് ബലം നൽകുന്നത്.

ഹദീസ് നിവേദക പരമ്പരയുടെ വിശ്വാസ്യത അളക്കുന്നതിന് പിന്തുടർന്ന മാനദണ്ഡങ്ങളെല്ലാം കുറ്റമറ്റതാണെന്ന് വിലയിരുത്തുക സാധ്യമല്ല. കുറ്റമറ്റതായിരുന്നുവെങ്കിൽ ലക്ഷക്കണക്കിന് ഹദീസുകൾ പരിശോധനാ വിധേയമാക്കി ഏതാനും ആയിരം ഹദീസുകൾ മാത്രം ‘സ്വഹീഹ്’ആയി വിധിയെഴുതി തയാറാക്കിയ ഹദീസ് സമാ

ഹാരങ്ങളിൽ ദീനിന്റെ അന്തസ്സത്തക്കും വസ്തുതകൾക്കും വിരുദ്ധമായ ഹദീസുകൾ അപൂർവമായെങ്കിലും ഉൾപ്പെടുമായിരുന്നില്ല (എ. അബ്ദുസ്സലാം സുല്ലമി *പ്രബോധനം* ഹദീസ് പതിപ്പിൽ എഴുതിയ 'വിമർശനവിധേയമായ ഹദീസുകൾ ബുഖാരിയിലും മുസ്‌ലിമിലും' എന്ന ലേഖനം കാണുക). അവയുടെ നിവേദക പരമ്പരയിലെ ചിലരെ വിശ്വാസ്യരെന്ന് തെറ്റായി മനസ്സിലാക്കിയോ മറ്റോ സ്വീകാര്യയോഗ്യമാണെന്ന് വിലയിരുത്തിയതാണെന്ന് വ്യക്തം. ഇങ്ങനെ ഏതോ അർഥത്തിൽ പോരായ്മകളുള്ള മാനദണ്ഡങ്ങൾ വിശ്വാസ്യയോഗ്യരായ നിവേദകരെ തെറ്റിദ്ധരിച്ച് അവരുടെ റിപ്പോർട്ടുകൾ തള്ളപ്പെടുന്നതിനും കാരണമായിട്ടുണ്ടാവാമല്ലോ. അനേകായിരം ഹദീസുകൾ വിശ്വാസ്യയോഗ്യത സംബന്ധിച്ച സംശയത്തിൽ ദുർബലമാണെന്ന് വിലയിരുത്തലുണ്ടായിട്ടുണ്ട്. ദീനിന്റെ ഉത്തമ നൂറ്റാണ്ടുകൾ എന്നു വിശേഷിപ്പിക്കപ്പെട്ട കാലയളവിലെ പ്രവാചക പിന്മുറക്കാർ ഇങ്ങനെ സുപ്രധാന ഹദീസ് റിപ്പോർട്ടിംഗിൽ പോലും സൂക്ഷ്മത പാലിക്കാത്തവരായിരുന്നുവെന്ന് നമുക്ക് പറയാനാകുമോ?

ഹദീസുകളുടെ പ്രാമാണികത നിർണയിക്കുന്ന പ്രക്രിയ ഏറെ സങ്കീർണമായ കാര്യമാണെന്നിരിക്കെ, ഏതെങ്കിലും ഒരു വിശകലനത്തെ പൂർണമായി തഖ്‌ലീദ് ചെയ്ത് മറ്റുള്ളവ തള്ളുന്നത് വിവേകമാകില്ല. ദീനിന്റെ അടിസ്ഥാനാശയങ്ങൾക്കും അന്തഃസത്തക്കും വിരുദ്ധമല്ലാത്തതും അങ്ങേയറ്റം ദുർബലമല്ലാത്തതുമായ ഹദീസ് നിവേദനങ്ങളോട് അൽപം ഉദാരമായ സമീപനം തന്നെയാണ് ഉചിതം. സംസ്കരണ സംബന്ധിയായ ഹദീസുകളുടെ കാര്യത്തിൽ മാത്രമല്ല കർമശാസ്ത്ര സംബന്ധിയായ ഹദീസുകളുടെ കാര്യത്തിലും ഇത്തരമൊരു വീക്ഷണം സ്വീകരിച്ചാൽ മറ്റുള്ളവരുടെ നിലപാടുകളോട് ഏറ്റുമുട്ടാനുള്ള പ്രവണത കുറക്കാനാകും.

**ടി.ടി മുഹമ്മദ് ശഹീർ മാഹി**

# പുരാണവും ചരിത്ര പുരുഷന്മാരും

**'പുരാണവും** ചരിത്രവും' എന്ന മുഖക്കുറിപ്പ് ശ്രദ്ധേയമായി. പുരാണങ്ങളും ഇതിഹാസങ്ങളും പൂർണമായും ചരിത്രഗ്രന്ഥങ്ങളല്ല എന്നത് വസ്തുതയാണ്. *രാമായണം, മഹാഭാരതം* തുടങ്ങിയ ഇതിഹാസ ഗ്രന്ഥങ്ങൾ ഹൈന്ദവ മതഗ്രന്ഥങ്ങളായാണ് ഇന്ന് അറിയപ്പെടുന്നത്, 'ഹിന്ദു' എന്ന പദം ഈ ഗ്രന്ഥങ്ങളിലൊന്നും കാണില്ലെങ്കിലും. 'രാമായണ'ത്തിലെ ശ്രീരാമനെയും 'മഹാഭാരത'ത്തിലെ ശ്രീകൃഷ്ണനെയും ദൈവാവതാരങ്ങളായാണ് 'ഹിന്ദുക്കൾ' കാണുന്നത്. ഹിന്ദുക്കളുടെ മതഗ്രന്ഥമായ 'ഭഗവദ് ഗീത' മഹാഭാരതത്തിന്റെ ഭാഗവുമാണ്. വിശ്വാസത്തിന് ചരിത്രകാരന്മാരുടെ അംഗീകാരം ആവശ്യമില്ലല്ലോ. ഇസ്‌ലാമിന്റെ അന്ത്യപ്രവാചകനായ മുഹമ്മദ് നബിയും തൊട്ടു മുമ്പുവന്ന ഈസാനബിയും മാത്രമേ ചരിത്രപുരുഷന്മാരായി അംഗീകരിക്കപ്പെടുന്നുള്ളൂ. എന്ന് കരുതി ഇവർക്ക് മുമ്പുള്ള പ്രവാചകന്മാരാരും ജീവിച്ചിരുന്നില്ല എന്ന് അർഥമില്ലല്ലോ. ഇന്ത്യയിലെ ഭൂരിപക്ഷ ജനതയായ ഹിന്ദുക്കൾ ദൈവാവതാരങ്ങളായി വിശ്വസിക്കുന്ന ശ്രീരാമനും ശ്രീകൃഷ്ണനും ചരിത്രാതീതകാലത്ത് ജീവിച്ചിരുന്ന ഇസ്‌ലാമിന്റെ പ്രവാചകന്മാരാകാനുള്ള സാധ്യതകളും തള്ളിക്കളയാനാവില്ല. എല്ലാ ജനവിഭാഗങ്ങൾക്കിടയിലും പ്രവാചകന്മാരുണ്ടായിട്ടുണ്ട് എന്നാണല്ലോ വിശുദ്ധ ഖുർആൻ അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നത്. ഭൂമിയിൽ അന്ന് ജീവിച്ചിരുന്ന ഏറ്റവും മര്യാദാപുരുഷോത്തമനായ വ്യക്തിയായാണ് വാൽമീകി മഹർഷി ശ്രീരാമനെ പരിചയപ്പെടുത്തുന്നത്. ഭൂമിയിൽ ധർമം സ്ഥാപിക്കാൻ വേണ്ടി കാലാകാലങ്ങളായി സംഭവിക്കുന്നതാണ് ഈശ്വരാവതാരങ്ങൾ എന്നാണ് ശ്രീകൃഷ്ണൻ ഗീതയിൽ പറയുന്നത്.

'പരിത്രാണായ സാധൂനാം
വിനാശായ ച ദുഷ്കൃതാം
ധർമ സംസ്ഥാപനാർഥായ
സംഭവാമി യുഗേ യുഗേ' (ഭഗവദ്ഗീത 4-8). (സാരം: സജ്ജനങ്ങളെ രക്ഷിപ്പാനും ദുർജനങ്ങളെ ശിക്ഷിപ്പാനും അങ്ങനെ ധർമത്തെ നിലനിർത്താനും ഞാൻ യുഗം തോറും അവതരിക്കുന്നു).

രാമസേതുവിനെ രാമായണവുമായി ബന്ധിപ്പിക്കുന്ന തെളിവുകളൊന്നുമില്ല. വിശ്വാസങ്ങൾ ഒരിക്കലും വികസനത്തിന് തടസ്സമാകരുത്. രാമസേതു പദ്ധതി പ്രാവർത്തികമാക്കുന്നത് എന്തെങ്കിലും പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുമോ എന്നേ നോക്കേണ്ടതുള്ളൂ. ഇന്ത്യയുടെ സമുദ്രതീരങ്ങളിൽ ആഞ്ഞടിച്ച സുനാമിയുടെ നാശനഷ്ടങ്ങൾ കുറക്കുന്നതിന് രാമസേതു സഹായകമായി എന്ന റിപ്പോർട്ടുകൾ ഇതിനോട് ചേർത്തുവായിക്കേണ്ടതാണ്.

**വിനോദ് കുമാർ എടച്ചേരി**

# 'ചൈനീസ് ജുമുഅ'

**ചൈനീസ്** മുസ്‌ലിംകളെപ്പറ്റി വന്ന പരാമർശമാണ് (2007 നവം. 3) ഈ കുറിപ്പിന്നാധാരം. 2004-ൽ ചൈന സന്ദർശിച്ച *അൽ അഹ്റാം* പത്രത്തിന്റെ അസി. എഡിറ്റർ മഹ്മൂദ് മുറാദ് നടത്തിയ വിവരണം എത്രമാത്രം വസ്തുനിഷ്ഠമാണെന്ന് പറയാൻ വയ്യ. എങ്കിലും ചൈനീസ് മുസ്‌ലിംകളെ ഒന്നടങ്കം ജുമുഅ കഴിഞ്ഞാൽ ഫർദും സുന്നത്തുമായി പതിനാറ് റക്അത്ത് ളുഹ്ർ നമസ്കരിക്കുന്നവരായി അവതരിപ്പിച്ചത് വാസ്തവ വിരുദ്ധമാണ്.

1999 മുതൽ ഒന്നിലധികം തവണ ഈയുള്ളവൻ ചൈന സന്ദർശിച്ചിട്ടുണ്ട്. ചൈനയിലെ വലിയ നഗരങ്ങളിൽ ഒന്നായ വാൻസു (Guangzhou)വിലെ മൂന്ന് പള്ളികളിൽ വെച്ച് പലപ്പോഴായി ജുമുഅയിലും മറ്റു നമസ്കാരങ്ങളിലും പങ്കുകൊള്ളുകയും ചെയ്തിട്ടുണ്ട്. അവിടെയൊന്നും *അൽ അഹ്റാമി*ന്റെ അസി. എഡിറ്റർ സൂചിപ്പിച്ചതുപോലുള്ള അനുഷ്ഠാനങ്ങൾ കണ്ടിട്ടില്ല. വാൻസുവിലെ പള്ളികൾ Guangzhou Islamic Association-ന്റെ നേതൃത്വത്തിലുള്ളവയാണ്.

ജുമുഅ ഖുത്ബ അറബിയിലാണെങ്കിലും സ്ത്രീകളും അതിൽ പങ്കെടുക്കുന്നുണ്ട്. എന്നാൽ കേരളത്തിലെ പള്ളികളിലേത് പോലെ സ്ത്രീകൾക്ക് പ്രത്യേകം ഹാളുകളില്ല. പ്രധാന ഹാളിൽ തന്നെ പുരുഷന്മാർക്ക് പിറകിലായാണ് സ്ത്രീകളുടെ സ്വഫ്ഫുകൾ.

*അൽ അഹ്റാമി*ന്റെ അസി. എഡിറ്റർ, ചൈനീസ് മുസ്‌ലിംകൾ ഒന്നടങ്കം ജുമുഅക്ക് ശേഷം പതിനാറ് റക്അത്ത് ളുഹ്ർ നമസ്കരിക്കുന്നവരാണെന്ന് ലോകത്തോട് വിളിച്ചു പറയുന്നതിന് മുമ്പ് പള്ളികൾ സന്ദർശിച്ച് സത്യാവസ്ഥ ഉറപ്പുവരുത്തേണ്ടതായിരുന്നു. അതിന് ശ്രമിക്കാതെ 'അങ്ങനെയാണ് ചൈനീസ് ഇസ്‌ലാം' എന്ന നിഗമനത്തിൽ എത്തിയത് ഉചിതമായില്ല.

**കെ.പി അൻവർ സലീം**
**ചക്കാലക്കൽ**

## ▪ ചുരുക്കെഴുത്ത്

**സ്വസ്ഥതയില്ലാതെ** അലയുന്ന മനുഷ്യന് ജീവിതത്തിൽ ഒരിടത്താവളമെന്നോണമാണ് ആൾദൈവങ്ങൾ കടന്നുവരുന്നത്. എന്നാൽ ഇത്തരം മനുഷ്യർ ജാതി, മത വ്യത്യാസമില്ലാതെ ചൂഷകരുടെ വലയിൽ പെട്ടുപോകുന്നു. സാധാരണക്കാരായ ഈ ജനങ്ങളെ മോചിപ്പിക്കാൻ ഓരോ മതത്തിന്റെയും പണ്ഡിതന്മാർക്കാണ് സാധിക്കുക. അവർ ഇതിനെതിരെ പ്രസംഗിക്കുകയല്ല, അനുയായികളെ നോക്കി ഒന്നു പുഞ്ചിരിക്കുകയാണ് വേണ്ടത്. മനുഷ്യർക്ക് ലഭിക്കാതെ പോകുന്നതും ആൾദൈവങ്ങളിൽനിന്ന് ലഭിച്ചുകൊണ്ടിരിക്കുന്നതും ഇതാണ്.

**റശാദ് ആലുവ**

**മുസ്‌ലിം** സമുദായത്തിൽ നടമാടുന്ന അന്ധവിശ്വാസങ്ങൾക്കും ജാറം വ്യവസായങ്ങൾക്കും എതിരെ ബോധവത്കരണം നടക്കുമ്പോഴും സിദ്ധന്മാരും ബീവിമാരും പലയിടങ്ങളിലും വിലസുകയാണ്. നമസ്കാരവും നോമ്പും ഇല്ലാത്ത ആളായിരുന്നു സി.എം മടവൂർ. അദ്ദേഹത്തിന്റെ പേരിൽ 'സുന്നി'കളിലെ രണ്ട് ഗ്രൂപ്പുകൾ വെവ്വേറെ ആണ്ടുനേർച്ചാ മഹോത്സവം തന്നെ നടത്തുകയുണ്ടായി. നമസ്കാരവും നോമ്പും ഇല്ലാത്ത ആൾ എങ്ങനെ ശൈഖും ഔലിയയും ആയി? ഇതൊക്കെ അറിഞ്ഞിട്ടും ഇത്തരം കേന്ദ്രങ്ങളിൽ പോയി പണവും മാനവും നഷ്ടപ്പെടുത്തുന്ന 'ഭക്തർ' തിക്തഫലം അനുഭവിക്കേണ്ടിവരും.

**സി.കെ ഇല്യാസ്**
**താനൂർ**